# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 30.12.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. രാജ്യത്തെ ഗോത്രവർഗങ്ങളുടെ ജീവിതസൗകര്യങ്ങൾ മെച്ചപ്പെടുത്തണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   **President Draupadi Murmu wants to improve the living conditions of the tribal communities in the country.**

2. യുവതലമുറയ്ക്ക് രാജ്യത്തിന്റെ ഭാവി നിർണയിക്കുന്നതിൽ സുപ്രധാന പങ്കാണെന്നും വിദ്യാഭ്യാസ മേഖലയിൽ കേരളം രാജ്യത്തിന് മാതൃകയാണെന്നും ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ.

   **Vice President C P Radhakrishnan saidys that the young generation has a vital role to play in determining the future of the country and Kerala is a model for the country in the field of education.**

3. പുതു തലമുറ ഭരണപരിഷ്കരണങ്ങളിലൂടെ ഇന്ത്യ ആഗോള ശ്രദ്ധാകേന്ദ്രമായി വളർന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. 2025 പരിഷ്കാരങ്ങളുടെ വർഷമായി ഓർമ്മിക്കപ്പെടുമെന്നും പ്രധാനമന്ത്രി.

   **Prime Minister Narendra Modi saiys that India has become a global center of attention through new**

generation governance reforms. The Prime Minister also says that 2025 will be remembered as the year of reforms.

4. -ജീവിത സൗകര്യവും തൊഴിൽ സാഹചര്യവും ഉറപ്പാക്കാൻ ലക്ഷ്യമിട്ടുള്ള ഭരണ പരിഷ്കാരങ്ങൾ കേന്ദ്ര സർക്കാർ കാര്യക്ഷമമായി നടപ്പിലാക്കിയതായി കേന്ദ്ര മന്ത്രി ജിതേന്ദ്ര സിംഗ്.-

Union Minister Jitendra Singh says that the central government has effectively implemented governance reforms aimed at ensuring living and working conditions.

5. കേരളത്തിൽ *ആരോഗ്യം ആനന്ദം - വൈബ് 4 വെൽനസ്സ്*എന്ന പേരിൽ ആരോഗ്യ വകുപ്പ് സംഘടിപ്പിക്കുന്ന ജനകീയ ക്യാമ്പയിൻ ജനുവരി ഒന്നിന് ആരംഭിക്കും.

In Kerala, the popular campaign organized by the Health Department under the name 'Arogyam Anandam - Vibe 4 Wellness' will start on January 1.

6. ഇന്ത്യ- ശ്രീലങ്ക വനിതാ ടി-20 പരമ്പരയിലെ അവസാനത്തെ മത്സരം തിരുവനന്തപുരത്ത് പുരോഗമിക്കുന്നു.

The last match of the India-Sri Lanka women's T-20 series is progressing in Thiruvananthapuram.

❁❁❁❁❁❁❁❁❁❁❁❁❁

## JHARKAHND- PRESIDENT GUMLA

രാജ്യത്തെ ഗോത്രവർഗങ്ങളുടെ ജീവിതസൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടത് അനിവാര്യമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ജാർഖണ്ഡിലെ ഗുംല ജില്ലയിൽ നടന്ന *അന്തർരാജ്യ ജനസംസ്കൃതി സമാഗം സമരോ-കാർത്തിക് ജാത്ര*യുടെ സമാപന ചടങ്ങിൽ പങ്കെടുക്കുകയായിരുന്നു രാഷ്ട്രപതി. ഗോത്രവർഗ്ഗ-നാടോടി പൈതൃകങ്ങളുടെ വൈവിധ്യം ആഘോഷിക്കുന്ന പ്രമുഖ സാംസ്കാരിക ഉത്സവമാണ് കാർത്തിക് ജാത്ര.

## VICE-PREZ-TVPM(INTRO)

വിദ്യാഭ്യാസ മേഖലയിൽ കേരളം രാജ്യത്തിന് തിളങ്ങുന്ന മാതൃകയാണെന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ. വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കുന്നതിൽ വിദ്യാഭ്യാസ മേഖലയ്ക്ക് സുപ്രധാന സ്ഥാനമാണുള്ളതെന്നും രാജ്യത്തിന്റെ ഭാവി നിർണയിക്കുന്നത് യുവതലമുറ ആണെന്നും അദ്ദേഹം പറഞ്ഞു. തിരുവനന്തപുരത്ത് മാർ ഇവാനിയോസ് കോളേജ് പ്ലാറ്റിനം ജൂബിലി സമാപന ചടങ്ങുകൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു ഉപരാഷ്ട്രപതി.

(വോയിസ്)

നിർമിത ബുദ്ധി ഉൾപ്പെടെയുള്ള സാങ്കേതിക വിദ്യകൾ യുവജനങ്ങൾ സമൂഹ നന്മയ്ക്കായി ഉപയോഗിക്കണമെന്നും സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി തൊഴിൽ ദാതാക്കളായി മാറാൻ അവർക്ക് സാധിക്കണമെന്നും ഉപരാഷ്ട്രപതി പറഞ്ഞു. ഇന്ത്യയെ ശക്തമായ രാഷ്ട്രം ആക്കി മാറ്റുന്നതിൽ സാമൂഹിക സൗഹാർദ്ദത്തിന് വലിയ പങ്കാണുള്ളതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

❁❁❁❁❁❁❁❁❁❁❁❁❁

## VICE–PREZ–SIVAGIRI

ശ്രീനാരായണ ഗുരുവിന്റെ ദർശനങ്ങൾ വരും തലമുറകൾക്ക് പ്രചോദനമേകുമെന്ന് ഉപരാഷ്ട്രപതി സിപി രാധാകൃഷ്ണൻ. 93-ാമത് ശിവഗിരി തീർത്ഥാടനം വർക്കലയിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു ഉപരാഷ്ട്രപതി. സാമൂഹിക ഐക്യത്തിനായി മുൻപന്തിയിൽ നിന്ന് പ്രവർത്തിച്ച മഹത്വ്യക്തിത്വമായിരുന്നു ശ്രീനാരായണഗുരുവെന്നും ഒരു ജാതി ഒരു മതം ഒരു ദൈവം എന്നത് മഹത്തായ മുദ്രാവാക്യമാണെന്നും ശ്രീ സിപി രാധാകൃഷ്ണൻ അഭിപ്രായപ്പെട്ടു. ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ, കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി, മന്ത്രി എം.ബി. രാജേഷ്, ശശി തരൂർ എം.പി, സച്ചിദാനന്ദ സ്വാമി തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

❁❁❁❁❁❁❁❁❁❁❁❁❁

## PM – REFORM ARTICLE

പുതു തലമുറ ഭരണപരിഷ്കരണങ്ങളിലൂടെ ഇന്ത്യ ആഗോള ശ്രദ്ധാകേന്ദ്രമായി വളർന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ന് ലോകം ഇന്ത്യയെ പ്രതീക്ഷയോടെയും ആത്മവിശ്വാസത്തോടെയുമാണ് കാണുന്നതെന്ന് അദ്ദേഹം സാമൂഹിക മാധ്യമത്തിൽ കുറിച്ചു. ഇതിനു കാരണം ഇന്ത്യയുടെ ജനസംഖ്യാഘടനയും, വളർന്നുവരുന്ന യുവതലമുറയും, ജനങ്ങളുടെ അജയ്യമായ മനോഭാവവുമാണെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. രാജ്യപുരോഗതിക്ക് ആക്കം കൂട്ടിയ വിപ്ലവകരമായ മാറ്റങ്ങൾക്ക് സാക്ഷ്യം വഹിച്ച 2025 പരിഷ്കാരങ്ങളുടെ വർഷമായി ഓർമ്മിക്കപ്പെടുമെന്ന് അദ്ദേഹം പറഞ്ഞു.

## PM ECONOMIST

2026-27 ലെ കേന്ദ്ര ബജറ്റിന് മുന്നോടിയായി പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിൽ നിതി ആയോഗിലെ പ്രമുഖ സാമ്പത്തിക വിദഗ്ധരുമായും വിവിധ മേഖലകളിലെ വിദഗ്ദ്ധരുമായും ആശയവിനിമയം നടത്തി. രാജ്യത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയെയും ഭാവി മുൻഗണനകളെയും കുറിച്ചുള്ള വിദഗ്ദ്ധരുടെ അഭിപ്രായങ്ങളും വിലയിരുത്തലുകളും യോഗത്തിൽ നടന്നു. സാമ്പത്തിക ആസൂത്രണത്തിന്റെ

അടുത്ത ഘട്ടത്തിനായി സർക്കാർ തയ്യാറെടുക്കുമ്പോൾ നിതി ആയോഗിലെ ആശയവിനിമയം വിലപ്പെട്ട ഉൾക്കാഴ്ചകൾ നൽകുമെന്നാണ് വിലയിരുത്തൽ. കേന്ദ്രധനമന്ത്രി നിർമ്മലാ സീതാരാമനും യോഗത്തിൽ പങ്കെടുത്തു.

❁❁❁❁❁❁❁❁❁❁❁❁❁

## AMIT SHAH

ബംഗാൾ അതിർത്തിയിൽ നിന്നുള്ള നുഴഞ്ഞുകയറ്റം ദേശീയ സുരക്ഷയിൽ പ്രശ്നം സൃഷ്ടിക്കുകയാണെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ബംഗാളിൽ തൃണമൂൽ കോൺഗ്രസ് നയിക്കുന്ന സർക്കാർ സുരക്ഷാ വിഷയത്തിൽ പരാജയമാണെന്ന് അദ്ദേഹം കൊൽക്കത്തയിൽ നടത്തിയ പത്രസമ്മേളനത്തിൽ ആരോപിച്ചു. നുഴഞ്ഞുകയറ്റം തടയുക, പശ്ചിമ ബംഗാളിൽ നിന്ന് നുഴഞ്ഞുകയറ്റക്കാരെ നീക്കം ചെയ്യുക എന്നീ വിഷയങ്ങൾ മുൻനിർത്തിയാണ് അടുത്ത വർഷം നടക്കുന്ന പശ്ചിമ ബംഗാൾ നിയമസഭാ തെരഞ്ഞെടുപ്പിനെ ബിജെപി നേരിടുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁

## NCC – REPUBLIC DAY PARADE

എൻസിസി റിപ്പബ്ലിക് ദിന ക്യാമ്പ് ന്യൂഡൽഹിയിൽ ആരംഭിച്ചു. 28 സംസ്ഥാനങ്ങളിൽ നിന്നും 8 കേന്ദ്രഭരണ

പ്രദേശങ്ങളിൽ നിന്നുമായി രണ്ടായിരത്തി നാനൂറിലധികം എൻസിസി കേഡറ്റുകൾ 2026ലെ റിപ്പബ്ലിക് ദിന പരേഡിൽ പങ്കെടുക്കും. ഇതുവരെയുള്ളതിൽ വച്ച് ഏറ്റവും കൂടുതൽ പേർ ഇത്തവണ പങ്കെടുക്കുന്നുണ്ടെന്ന് പ്രതിരോധ മന്ത്രാലയം അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## WELLNESS–KERALA

കേരളത്തിൽ ***ആരോഗ്യം ആനന്ദം – വൈബ് ഫോർ വെൽനസ്സ്'***എന്ന പേരിൽ ആരോഗ്യ വകുപ്പ് സംഘടിപ്പിക്കുന്ന ജനകീയ ക്യാമ്പയിൻ ജനുവരി ഒന്നിന് രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ക്യാമ്പയിന്റെ ഭാഗമായി കാസർഗോഡ് നിന്ന് ഡിസംബർ 26ന് ആരംഭിച്ച് വിവിധ ജില്ലകളിലൂടെ സഞ്ചരിച്ച് തിരുവനന്തപുരത്ത് എത്തുന്ന വിളമ്പര ജാഥയുടെ സമാപനവും ഇതോടൊപ്പം നടക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## PM–RUSSIAN PRESIDENT

റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിന്റെ വസതിക്ക് നേരെ ഉക്രെയ്ൻ ആക്രമണം നടത്തിയതായുള്ള റിപ്പോർട്ടുകളിൽ കടുത്ത ആശങ്ക പ്രകടിപ്പിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. തുടർച്ചയായ നയതന്ത്ര മാർഗ്ഗങ്ങളിലൂടെ

മാത്രമേ ശാശ്വത സമാധാനം കൈവരിക്കാനാകൂ എന്ന് പ്രധാനമന്ത്രി സാമൂഹികമാധ്യമത്തിൽ കുറിച്ചു. സമാധാന ശ്രമങ്ങളെ ദുർബലപ്പെടുത്തുന്ന നടപടികൾ ഒഴിവാക്കണമെന്ന് ബന്ധപ്പെട്ട എല്ലാ കക്ഷികളോടും പ്രധാനമന്ത്രി അഭ്യർത്ഥിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**UKRAINE– PUTIN RESIDENCE ATTACK**

അതേസമയം റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിന്റെ വസതിക്ക് നേരെ യുക്രെയ്ൻ ആക്രമണം നടത്തിയെന്ന റഷ്യൻ ആരോപണം തള്ളി യുക്രെയ്ൻ വിദേശകാര്യ മന്ത്രി ആൻഡ്രി സിബിഹ. പ്രസിഡന്റ് പുടിന്റെ ഔദ്യോഗിക വസതിക്ക് നേരെ ഇന്നലെ രാത്രി ഡ്രോൺ ആക്രമണം നടന്നതായി റഷ്യൻ വിദേശകാര്യ മന്ത്രി സെർജി ലാവ്റോവ് ആരോപിച്ചിരുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

**JITENDRA – YEAR END PC (INTRO)**

ജീവിത സൗകര്യവും തൊഴിൽ സാഹചര്യവും ഉറപ്പാക്കാൻ ലക്ഷ്യമിട്ടുള്ള ഭരണ പരിഷ്കാരങ്ങൾ കേന്ദ്ര സർക്കാർ കാര്യക്ഷമമായി നടപ്പിലാക്കിയതായി കേന്ദ്ര മന്ത്രി ജിതേന്ദ്ര സിംഗ് പറഞ്ഞു. ജനങ്ങൾക്ക് മികച്ച ജീവിത സൗകര്യം ഉറപ്പാക്കാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർക്കും

അവരുടെ തൊഴിൽ സാഹചര്യങ്ങൾ മികച്ചതാണ് എന്ന ഉറപ്പാക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. തന്റെ വകുപ്പുമായി ബന്ധപ്പെട്ട ഈ വർഷത്തെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ന്യൂഡൽഹിയിൽ വിശദീകരിക്കുകയായിരുന്നു ശ്രീ സിംഗ്.

(...VOICE....)

## WOMENS T 20

ഇന്ത്യ-ശ്രീലങ്ക വനിതാ ടി–20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം തിരുവനന്തപുരം കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ പുരോഗമിക്കുന്നു. ടോസ് നേടിയ ശ്രീലങ്ക ഇന്ത്യയെ ബാറ്റിങ്ങിനയച്ചു. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഇന്ത്യ 6.4 ഓവറിൽ, 3വിക്കറ്റ് നഷ്ടത്തിൽ 42 റൺ എന്ന നിലയിലാണ്. അഞ്ച് മത്സരങ്ങളടങ്ങിയ പരമ്പരയിൽ ഇന്ത്യ 4-0 ത്തിന് മുന്നിലാണ്.

## BHIM- ANNIVERSARY

ഭാരത് ഇൻററർഫേസ് ഫോർ മണി - ഭിം - ആപ്പിന് ഇന്ന് ഒൻപത് വയസ്സ്. 2016 ലാണ് നാഷണൽ പേയ്മെൻറ്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യ വികസിപ്പിച്ചെടുത്ത BHIM പ്രവർത്തനമാരംഭിച്ചത്. ഈ വർഷം, ഡിസംബർ 28 വരെ 64,000 കോടി രൂപയിലധികം മൂല്യം വരുന്ന

പണമിടപാടുകൾ ഭിം വഴി നടന്നതായി എൻ.പി.സി.ഐ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## SPECTRUM

കേന്ദ്ര വാർത്താ വിനിമയ മന്ത്രാലയത്തിന് കീഴിലെ ടെലികോം വകുപ്പ് രാജ്യത്തെ റേഡിയോ ഫ്രീക്വൻസി സ്പെക്ട്രം നിർവ്വഹണവും വിന്യാസവും നിയന്ത്രിക്കുന്ന സുപ്രധാന നയരേഖയായ 'ദേശീയ ഫ്രീക്വൻസി വിന്യാസ പദ്ധതി 2025' പുറത്തിറക്കി. ഇന്ന് മുതൽ ഇത് പ്രാബല്യത്തിലായി. സ്പെക്ട്രം മാനേജർമാർ, വയർലെസ് ഓപ്പറേറ്റർമാർ, ടെലികോം ഉപകരണ നിർമാതാക്കൾ എന്നിവർക്ക് സുപ്രധാന റഫറൻസ് രേഖയാണിത്.

❁❁❁❁❁❁❁❁❁❁❁❁❁

## BANGLADESH – KHALEDA ZIA

ബംഗ്ലാദേശിൽ മുൻ പ്രധാനമന്ത്രിയും ബംഗ്ലാദേശ് നാഷണലിസ്റ്റ് പാർട്ടി ചെയർപേഴ്സണുമായ ഖാലിദ സിയയുടെ മരണത്തെത്തുടർന്ന് രാജ്യത്ത് മൂന്ന് ദിവസത്തെ ഔദ്യോഗിക ദുഃഖാചരണം പ്രഖ്യാപിച്ചു. ഖാലിദ സിയയുടെ സംസ്കാര ദിനമായ നാളെ രാജ്യത്ത് പൊതു അവധിയും പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്കാരചടങ്ങിൽ വിദേശകാര്യമന്ത്രി ജയ് ശങ്കർ പങ്കെടുക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## PARIKSHA PE CHARCHA

പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായുള്ള പരീക്ഷാ പേ ചർച്ചയുടെ 9-ാമത് പതിപ്പിന്റെ രജിസ്ട്രേഷൻ രണ്ട് കോടി 92 ലക്ഷം കടന്നു. അടുത്ത വർഷം ജനുവരിയിൽ നടക്കുന്ന പരിപാടിയിൽ രാജ്യത്തുടനീളമുള്ള വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, അധ്യാപകർ എന്നിവർ പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി പരീക്ഷാ സമ്മർദ്ദത്തെക്കുറിച്ച് ചർച്ച ചെയ്യും. 6 മുതൽ 12 വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും രക്ഷിതാക്കൾക്കും ജനുവരി 11 വരെ MyGov പ്ലാറ്റ്ഫോമിലൂടെ പരിപാടിയിലേക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്.